# പരിശീലനം സമാപിച്ചു



▶ തൊഴിൽ രഹിതർക്കായി നടത്തിയ ഹരിത നൈപുണ്യവികസന പരിപാടിയിൽ പങ്കെടുത്തവർ സർട്ടിഫിക്കറ്റുകൾ സ്വീകരിച്ചപ്പോൾ

**കോയമ്പത്തൂർ ▸** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ് എൻ.പി.എസ്. കേന്ദ്രം ആസൂത്രണംചെയ്ത ഹരിത നൈപുണ്യവികസന പരിപാടി സമാപിച്ചു.

വനത്തിലെയും വീട്ടുവളപ്പിലെയും മരങ്ങളിലെ കീടരോഗ നിയന്ത്രണ മാർഗങ്ങളിലായിരുന്നു ഒരു മാസത്തെ പരിശീലനം. കേരളത്തിലെയും തമിഴ്നാട്ടിലെയും തിരഞ്ഞെടുക്കപ്പെട്ട യുവതീയുവാക്കൾ പങ്കെടുത്തു.

വനശാസ്ത്രത്തിലും കീടനിയന്ത്രണത്തിലും പ്രാവീണ്യംനേടിയ ഇന്ത്യയിലെയും വിദേശത്തുമുള്ള വിദഗ്ധർ പരിശീലനംനൽകി. കേന്ദ്ര പരിസ്ഥിതി മന്ത്രാലയമാണ് സ്വയംതൊഴിൽ കണ്ടെത്താനുള്ള സൗജന്യ പരിശീലന പരിപാടിക്ക് സാമ്പത്തിക സഹായം നൽകിയത്. പരിശീലനം പൂർത്തിയാക്കിയവർക്ക് ഡോ. എസ്. മുരുകേശൻ സർട്ടിഫിക്കറ്റുകൾ വിതരണംചെയ്തു.

ചീഫ് സയന്റിസ്റ്റ് ഡോ. ജോൺ പ്രശാന്ത് ജേക്കബ്, ഗ്രീൻ സ്കിൽ നോഡൽ ഓഫീസർ ഡോ. കണ്ണൻ, സി.എസ്.വാര്യർ എന്നിവർ നേതൃത്വം നൽകി.